പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3967 20.07.2015 -ൽ മറുപടിക്ക്

## തലശ്ശേരി മാഹി ബൈപ്പാസ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) തലശ്ശേരി നിയോജക മണ്ഡല ത്തിലെ തലശ്ശേരി - മാഹി ബൈപ്പാസ് നിർമ്മാണ പ്രവർ ത്തനം ഏത് ഘട്ടത്തിലാ ണെന്ന് വിശദമാക്കാമോ;<br>(ബി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;<br>(സി) ഇതിനായി എന്തെല്ലാം നടപ ടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) & (ബി) & (സി) തലശ്ശേരി - മാഹി ബൈപ്പാസിന്റെ നീളം 18 കി.മീ.ആണ്. ഇതിൽ സ്ഥലം ഏറ്റെ ടുത്ത 12 കി.മീ 2 വരിപ്പാതയായി കേരള സർക്കാരിന്റെ സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി തേടിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ ഇതിനു അനുമതി നിഷേധിക്ക കയുണ്ടായി. ഈ പദ്ധതിയെ കേന്ദ്ര ഗവൺമെന്റിന്റെ എൻ.എച്ച്(ഒ) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നാലുവരിപാത യായി ഇ.പി.സി രീതിയിൽ ടോളോട്ടു കൂടി നടപ്പാക്കുന്നതിനായി ഡി.പി.ആർ സമർ പ്പിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടി രിക്കുകയാണ്. ഡി.പി.ആർ തയ്യാറാക്കി വരികയാണ്. ഈ പദ്ധതിയ്ക്കായി 220 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആറിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ